(ബി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയായിട്ടില്ല. കോടതി കേസുകളും, സാധനസാമഗ്രികളുടെ ലഭ്യതയിൽ വന്ന താമസവുമാണ് പണി പൂർത്തിയാക്കാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ.

(സി) പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസംബർ 2004-ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മങ്കൊമ്പ് 66 കെ. വി. സബ്സ്റ്റേഷന്റെ വികസനവും, കാവാലം, കിടങ്ങറ എന്നിവിടങ്ങളിലെ സബ്സ്റ്റേഷൻ നിർമ്മാണവും

81 [899] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടൻ നെൽ കാർഷിക മേഖലയിൽ വെള്ളം വറ്റിക്കൽ സുഗമമായി നടത്തുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും എന്ത് നടപടി സ്വീകരിച്ചു;

(ബി) വൈദ്യുതി പ്രസരണരംഗത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിച്ച മങ്കൊമ്പിലെ 66 കെ. വി. സബ്സ്റ്റേഷന്റെ വികസനം സംബന്ധിച്ച നടപടിയുടേയും കാവാലത്തും കിടങ്ങറയിലും പുതിയ സബ്സ്റ്റേഷനുകൾ ആരംഭിക്കുന്ന നടപടിയുടേയും ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ഈ പദ്ധതികൾക്ക് മുൻഗണന നൽകി നിർമ്മിക്കുവാൻ കെ.എസ്.ഇ.ബി. അധികാരികൾക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കുട്ടനാടൻ നെൽകൃഷി മേഖലയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസരണ മേഖലയിൽ എടത്വാ 110 കെ. വി. സബ് സ്റ്റേഷൻ, കാവാലം 66 കെ. വി. സബ്സ്റ്റേഷൻ, തകഴി, കിടങ്ങറ, മാന്നാർ, കടപ്ര എന്നീ സ്ഥലങ്ങളിൽ 33 കെ. വി. സബ്സ്റ്റേഷനുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കുട്ടനാട് (മങ്കൊമ്പ്) 66 കെ. വി. സബ്സ്റ്റേഷൻ നവീകരിക്കുന്നതിനുള്ള ഭരണാനുമതി 1997-98-ൽ നൽകിയിട്ടുണ്ട്. അതുപ്രകാരം കൺട്രോൾ റൂം

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മിക്കുന്നതിനുള്ള കരാർ ആകുകയും, ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചും വരുന്നു. കാവാലം 66 കെ. വി. സബ്സ്റ്റേഷൻ, കിടങ്ങറ 33 കെ. വി. സബ്സ്റ്റേഷൻ എന്നിവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് കരുവട്ടൂർ പഞ്ചായത്തിലെ പോലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം

82 [901] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ (കക്കോടി കെ. എസ്. ഇ .ബി. പരിധിയിൽ) കരുവട്ടൂർ പഞ്ചായത്തിലെ പോലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് പോലൂർ പ്രദേശത്തെ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടിയും എന്ന് സ്ഥാപിക്കുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സംസ്ഥാന വൈദ്യുതി ബോർഡിന്റെ കക്കോടി സെക്ഷനിൽ തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് പാസാക്കിയശേഷം മുൻഗണനാടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതാണ്.

റാന്നിയിലെ പെരുനാട് സബ്സ്റ്റേഷന്റെ നിർമ്മാണം

83 [902] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നിയിലെ പെരുനാട്ടിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വൈദ്യുതി ബോർഡ് തീരുമാനിച്ചത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly